WEDNESDAY 01-03-2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-01/03/2023.

1. വൈഗ 2023 ന്റെ ഭാഗമായി നടക്കുന്ന കാർഷികപ്രദർശനത്തിൽ സർക്കാർ - അർദ്ധസർക്കാർ - സ്വകാര്യസ്ഥാപനങ്ങളുടേതടക്കം 250-ലധികം സ്റ്റാളുകളാണ് വൈഗയുടെ ഭാഗമായി പുത്തരിക്കണ്ടം മൈതാനിയിൽ സജ്ജീകരിച്ചിരിക്കുന്നത്. ജമ്മു ആൻഡ് കാശ്മീർ, സിക്കിം, ഉത്തരാഖണ്ഡ്, ആന്ധ്രപ്രദേശ്, കർണാടക, തമിഴ്നാട്, ആസാം എന്നിവയുടെ സ്റ്റോളുകളും ജനപ്രിയമായി. വിവിധ സംസ്ഥാനങ്ങൾ അവരുടെ ഭൗമസൂചികഉൽപ്പന്നങ്ങൾ അടക്കം പ്രാദേശികമായിട്ടുള്ള വിഭവങ്ങളുമായിട്ടാണ് വൈഗയെ വർണ്ണാഭമാക്കുവാൻ എത്തിയിരിക്കുന്നത്. രാവിലെ 11 മുതൽ രാത്രി 10 മണിവരെയാണ് കാർഷികപ്രദർശനം നടക്കുന്നത്. രാത്രി 9 മണിവരെ പ്രവേശനപാസ് പ്രദർശനനഗരിയിൽ നിന്ന് ലഭിക്കും. മാർച്ച് രണ്ടുവരെയാണ് വൈഗ കാർഷികപ്രദർശനം സംഘടിപ്പിച്ചിട്ടുള്ളത്.

2. കേരളകാർഷിക യൂണിവേഴ്സിറ്റിയുടെ സ്റ്റാളുകളുടെ ഒരു ശൃംഖല തന്നെ വൈഗയിൽ ഒരുക്കിയിട്ടുണ്ട്. അന്താരാഷ്ട്ര ചെറുധാന്യ വർഷത്തോടനുബന്ധിച്ച് മില്ലറ്റ് എക്സ്പോയിലൂടെയാണ് യൂണിവേഴ്സിറ്റി സന്ദർശകരെ വരവേൽക്കുന്നത്. ചാമ, കുതിരവാലി, ജോബ്ടിയേഴ്സ്, തിന, വരക്, കൂവരവ്, തുടങ്ങിയ ചെറുധാന്യങ്ങളെയും അവയുടെ ചെടികളെയും പരിചയപ്പെടാൻ കഴിയും. ഇവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളും പ്രദർശനത്തിനായിട്ടുണ്ട്. തുടർന്ന് ഫ്ളവർ അറേഞ്ച്മെന്റ് ടെറേറിയം, ഡ്രൈഫ്ളവർ ഉൽപ്പന്നങ്ങൾ തുടങ്ങിയവയും വിവിധയിനം വാഴയിനങ്ങളായ പിസാംഗ്ജെറിബ്വായ, പിസാംഗ്സെറിബു, സകായി, ചൈനീസ്കാവണ്ടിഷ് തുടങ്ങിയവയെയും പരിചയപ്പെടുവാൻ സാധിക്കും. വിവിധ ഇനം മഞ്ഞൾ ഇനങ്ങളായ കാന്തി, ശോഭ, സോന, വർണ്ണ എന്നിവയും നാളികേരസങ്കരഇനങ്ങൾ, തേൻ ഉൽപ്പന്നങ്ങൾ തേങ്ങയിൽ നിന്നും ചക്കയിൽ നിന്നുമുള്ള വാക്വംഡ്രൈഡ് ഉൽപ്പന്നങ്ങൾ എന്നു തുടങ്ങി ഒരു കർഷക മൂല്യവർധിത ഉൽപ്പന്നങ്ങളുടെ മേഖലയിലേക്ക് വെളിച്ചം വീശുകയാണ് കാർഷികസർവകലാശാല സ്റ്റാളുകൾ.

3. വൈഗയോടനുബന്ധിച്ച് ഇന്ന് (മാർച്ച് 1) തിരുവനന്തപുരം ആനയറ സമേതി ഹാളിൽ ഡിപിആർ ക്ലിനിക് ഉണ്ടായിരിക്കും. പുത്തരിക്കണ്ടം വൈഗ സെമിനാർ ഹാളിൽ **എഫ്.പി.ഒ കൾ, കാർബൺ ന്യൂട്രൽ**

**അഗ്രിക്കൾച്ചർ, ഓർഗാനിക് ആന്റ് നാച്ചറൽ പ്ലാനിംഗ്, കാർഷിക മേഖലയിൽ യുവാക്കളും അഗ്രി സ്റ്റാർട്ടപ്പും, അഗ്രി സ്റ്റാർട്ടപ്പുകൾ – വിജയഗാഥകൾ** എന്നീ വിഷയങ്ങളിൽ സെമിനാറുകളും സാസ്കാരിക പരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

4. പാലക്കാട് പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രത്തിൽ **യന്ത്രങ്ങൾ ഉപയോഗിച്ച് തെങ്ങ് കയറ്റത്തിനുള്ള പരിശീലനം** മാർച്ച് നാലിന് സംഘടിപ്പിക്കുന്നു പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ **6282937809, 0466 2912008, 2212279** എന്നി ഫോൺ നമ്പരിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

5. മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പിടക്കോഴികുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻ കോഴികുഞ്ഞുങ്ങളെ 5 രൂപ നിരക്കിലും വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടാതെ മുട്ട സർക്കാർ നിരക്കിൽ തിങ്കൾ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. ബുക്കിംഗിനും കൂടുതൽ വിവരങ്ങൾക്കും **0481 2373710, 8301897710** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ അടുത്ത നടീൽ സീസണിലേയ്ക്ക് ആവശ്യമായ നെടിയ, കുറിയ (ചാവക്കാട് പച്ച, ചാവക്കാട് ഓറഞ്ച്) ഇനങ്ങളുടെ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട് .നെടിയ ഇനം തൈകൾ 100 രൂപ നിരക്കിലും കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലുമാണ് വിതരണം ചെയ്യുന്നത്. ആവശ്യമുള്ള കൃഷിക്കാരും ബന്ധപ്പെട്ട കൃഷി ഓഫീസർമാരും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0485 2554240** എന്ന ഫോണിൽ ബന്ധപ്പെടുകയോ f-neriamangalam@coconutboard.gov.in എന്ന വൈബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

7. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന്റെ ഉടമസ്ഥതയിൽ കണ്ണൂർ ജില്ലയിലെ പാനൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ബസാറിൽ **"പച്ചക്കറി കൃഷിക്കാവശ്യമായ ഗുണമേന്മയുള്ള വിത്തുകളും വളങ്ങളും വില്പനയ്ക്കെത്തിച്ചിട്ടു**ണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0490 2317007** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. കേരള സംസ്ഥാന കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് നൽകിവരുന്ന ആനുകൂല്യത്തിനായി കർഷകർക്ക് ജൂൺ 30 വരെ അപേക്ഷിക്കാം. കടാശ്വാസ കമ്മീഷൻ മുഖേന കാർഷികവായ്പകൾക്കു നൽകിവരുന്ന കടാശ്വാസത്തിന് പരിഗണിക്കാവുന്ന വായ്പാ തീയതി ഇടുക്കി, വയനാട് ജില്ല ഒഴികെ മറ്റു എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2016 മാർച്ച് 31 വരെയും ഇടുക്കി വയനാട് ജില്ലകളിലെ കർഷകർക്ക് 2020 ആഗസ്റ്റ് 31 വരെയും ആയി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതിനായി 2023 ജനുവരി 1 മുതൽ ജൂൺ 30 വരെ കേരള സംസ്ഥാന കടാശ്വാസ കമ്മീഷനിൽ കർഷകർക്ക് കടാശ്വാസത്തിന് അപേക്ഷ നൽകാവുന്നതാണ്.

**പരിശീലന പരിപാടി**

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.)-ന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ 2016-17 മുതൽ നടത്തിവരുന്ന, ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന തേനീച്ചപരിപാലന സർട്ടിഫിക്കറ്റ് കോഴ്സ് ഈ വർഷവും തുടരുന്നതാണ്. തേനീച്ചവളർത്തലിന്റെ വിവിധഘട്ടങ്ങളിലെ കാലാനുസൃതമായ പരിപാലനമുറകളും പ്രായോഗികപരിശീലനവും ഉൾപ്പെടുന്നതാണ് രണ്ടാഴ്ചയിൽ ഒരുദിവസം എന്ന കണക്കിൽ നടത്തുന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന ഈ പരിശീലനപരിപാടി. തേനീച്ചവളർത്തൽ പരിശീലകരായി ജോലി നേടുന്നതിനും റബ്ബർതോട്ടങ്ങളിൽ തേനീച്ചകളെ വളർത്തി അധികവരുമാനമുണ്ടാക്കുന്നതിനും ഈ കോഴ്സിലൂടെ ലഭിക്കുന്ന പ്രായോഗികപരിചയം സഹായിക്കും. താൽപര്യമുള്ളവർക്ക് വിശദവിവരങ്ങൾക്കായി അതതു പ്രദേശത്തെ റബ്ബർബോർഡ് ഓഫീസിലോ **04812353127, 7306464582** എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.